**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213** **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിന്റെ വായ്പാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എട്ട് ലക്ഷത്തിലധികം വരുന്ന കടൽ മത്സ്യബന്ധന തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം സംസ്ഥാനത്തെ പ്രതിശീർഷ വരുമാനത്തിന്റെ പകുതിയോളം മാത്രമേ വരുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവും സാമൂഹ്യ ഉന്നമനവും സുരക്ഷയും ഉറപ്പാക്കുന്നതിന് ഉതകുന്ന ചുവടെ പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കി വരുന്നു.<br><br>1.സമ്പാദ്യ സമാശ്വാസ പദ്ധതി<br><br>2.തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.<br><br>3.വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br><br>4.മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.<br>5.സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br><br>6.പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോട്ടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.<br><br>7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ടുകൾ ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.<br><br>8. 'സമുദ്ര' ബസ് സർവ്വീസ് പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)<br><br>9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി 'സാന്ത്വനതീരം' |

പദ്ധതി.

10. ഓഖി പുനരധിവാസ പദ്ധതികൾ.

11.മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷുറൻസ് പദ്ധതി.
12.കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.
13.മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.
14.മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

15. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ  നടപ്പിലാക്കുന്ന പദ്ധതികൾ.

16.കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ.

17.  ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കി സാമ്പത്തിക അഭിവൃദ്ധി കൂടി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/ SHG ഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.

ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%) യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴി ലാളികളികൾക്ക്

| | | | |
|---|---|---|---|
| | | | സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.<br><br>19/1/2023 ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷികരാർ കൊച്ചിൻ ഷിപ്പ് യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവെച്ചു. ആദ്യ ഘട്ടമായി കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ പുരോഗമിച്ചു വരുന്നു.<br><br>കൂടാതെ ടി പദ്ധതിയിൽ അംഗങ്ങളായ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴി ലാളികൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ (NCDC) യുടെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ന്റെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നു ദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറി അഡ്മിനിസ്ട്രേഷൻ (NIFAM) ൽ വച്ച് നൽകിയിട്ടുണ്ട്. |
| (ബി) | മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥതയില്ലാത്തത് മൂലം പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ മത്സ്യഫെഡ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥരാക്കുന്നതിന് മത്സ്യഫെഡ് മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴി മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള പലിശ രഹിത വായ്പ.<br><br>2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) ടേം വായ്പ പദ്ധതി വഴി |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള പലിശ രഹിത വായ്പ.<br><br>3. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ  നടപ്പിലാക്കുന്ന തീരദേശ ലേല സമ്പ്രദായം .<br><br>4. നാടൻ വള്ളങ്ങളുടെ  യന്ത്രവത്കരണം.<br><br>5. വലകൾക്കുള്ള സബ്സിഡി.<br><br>6. മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി.<br><br>7. ബ്ലൂ റെവല്യൂഷൻ/പ്രധാൻ മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി.<br><br>8. കിസാൻ ക്രെഡിറ്റ് കാർഡ്.<br><br>9. മത്സ്യഫെഡ് വായ്പകളിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി. |
| (സി) | മത്സ്യക്കച്ചവടം നടത്തുന്ന വനിതകൾക്ക് പലിശരഹിത വായ്പയും മൈക്രോഫിനാൻസ് വായ്പയും മത്സ്യഫെഡ് മുഖേന നൽകി വരുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>1. എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി. എഫ്.സി എന്നിവയുടെ ധനസഹായ ത്തോടു കൂടിയുള്ള മൈക്രോ ഫിനാൻസ്  വായ്പ പദ്ധതി.<br><br>ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശ നിരക്കിൽ 2 വർഷത്തെ   തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. വിവിധ ലഘു സംരംഭങ്ങൾ നടപ്പിലാക്കുന്നതിനാണ് മൈക്രോ ഫിനാൻസ് വായ്പ വിതരണം ചെയ്യുന്നത്.<br><br>2. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധത<br><br>ആദ്യവായ്പ 10000/- രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു.<br><br>3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം ( LDRS)<br><br>മത്സ്യഫെഡ് മൈക്രോ ഫിനാൻസ്, മത്സ്യവിപണന വനിതകൾക്കുള്ള പലിശ രഹിത വായ്പ (ഐ.എഫ്.എൽ) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതിയായ ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ